# കേരള നിയമസഭാ തിരഞ്ഞെടുപ്പ് 2021

## ഹരിത തിരഞ്ഞെടുപ്പ്
## പ്ലാസ്റ്റിക് വിമുക്ത തിരഞ്ഞെടുപ്പ്

ചീഫ് ഇലക്ടറൽ ഓഫീസർ




ഹരിതകേരളം മിഷൻ | ശുചിത്വമിഷൻ | സ്വച്ഛ് ഭാരത് മിഷൻ | ക്ലീൻ കേരള കമ്പനി

കേരള നിയമസഭാ തിരഞ്ഞെടുപ്പ് - 2021
ഹരിതചട്ടപാലനം
സംശയങ്ങളും മറുപടികളും
കൈപ്പുസ്തകം

തയ്യാറാക്കിയത്
ഹരിതകേരളം മിഷൻ &
ശുചിത്വ മിഷൻ ടീം

ഗ്രാഫിക്സ്, കവർ ഡിസൈൻ & ലേ-ഔട്ട്
സുധീർ പി.വൈ.

പ്രസിദ്ധീകരണം
ശുചിത്വ മിഷൻ

അച്ചടി
ഗ്രാമലക്ഷ്മി മുദ്രാലയം

സൗജന്യ വിതരണത്തിന്
കോപ്പികൾ : 85,000
മാർച്ച് 2021



# സന്ദേശം

വിവിധ സംസ്ഥാനങ്ങളിൽ നടക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഭാഗമായി 2021 ഏപ്രിൽ 6 ന് കേരളത്തിൽ തിരഞ്ഞെടുപ്പ് നടക്കുകയാണ്. 2019 ലെ ലോക്സഭാ തിരഞ്ഞെടുപ്പിന്റെ മാതൃകയിൽ ഈ തിരഞ്ഞെടുപ്പും ഗ്രീൻപ്രോട്ടോക്കോൾ പാലിച്ച് നടത്താനുള്ള തയ്യാറെടുപ്പിലാണ് കേരളം. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി ഉത്സവങ്ങളും ആഘോഷങ്ങളുമെല്ലാം ഗ്രീൻപ്രോട്ടോക്കോൾ പാലിച്ച് നടത്തി മാതൃക സൃഷ്ടിച്ച കേരളത്തിൽ ജനാധിപത്യത്തിന്റെ ഉത്സവമെന്ന് വിശേഷിപ്പിക്കാവുന്ന തിരഞ്ഞെടുപ്പുകളും ഗ്രീൻപ്രോട്ടോക്കോളിലേയ്ക്ക് മാറുന്നത് സ്വാഭാവികം. സർക്കാർ ഓഫീസുകളിൽ ഉൾപ്പെടെ ഗ്രീൻപ്രോട്ടോക്കോൾ വിജയകരമാക്കാൻ സഹകരിക്കുന്ന രാഷ്ട്രീയ പാർട്ടികളും, ഉദ്യോഗസ്ഥരും, പൊതുജനങ്ങളും തുടങ്ങി എല്ലാ വിഭാഗങ്ങളുടെയും സഹകരണത്തോടെ ഗ്രീൻപ്രോട്ടോക്കോൾ തിരഞ്ഞെടുപ്പും വിജയിപ്പിക്കാനാകുമെന്ന് ഉറപ്പുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവരാനിടയുള്ള സംശയങ്ങൾ മുന്നിൽക്കണ്ട് ''**ഹരിതചട്ട പാലനം- സംശയങ്ങളും മറുപടികളും**'' എന്ന പേരിൽ ഹരിതകേരളം മിഷന്റെയും ശുചിത്വമിഷന്റെയും നേതൃത്വത്തിൽ ഒരു കൈപുസ്തകം പ്രസിദ്ധീകരിക്കുകയാണ്. രാജ്യത്തിന് മാതൃകയായി കേരളത്തിലെ തിരഞ്ഞെടുപ്പ് പ്രക്രിയ സമ്പൂർണ്ണ ഹരിത തിരഞ്ഞെടുപ്പാക്കി മാറ്റുന്നതിന് ഈ കൈപ്പുസ്തകം വഴികാട്ടിയാവുമെന്ന് പ്രതീക്ഷിക്കുന്നു.

എല്ലാവിധ ആശംസകളും നേരുന്നു.

**ടീക്കാറാംമീണ ഐ.എ.എസ്.**
ചീഫ് ഇലക്ടറൽ ഓഫീസർ &
അഡീഷണൽ ചീഫ് സെക്രട്ടറി

05.03.2021
തിരുവനന്തപുരം



പരിസ്ഥിതി സൗഹൃദമാക്കാം തെരഞ്ഞെടുപ്പ്
വരും തലമുറക്ക് കാവലാകാം
ഓർമ്മിപ്പിച്ച് ഹരിതകേരളവും ശുചിത്വമിഷനും

# ഈ തിരഞ്ഞെടുപ്പ്
# ഹരിത തിരഞ്ഞെടുപ്പ്

കേരളത്തിൽ വച്ച് നടന്ന ദേശീയ ഗെയിംസിൽ ശുചിത്വമിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ ഗ്രീൻ പ്രോട്ടോക്കോൾ ദേശീയ തലത്തിൽ തന്നെ വലിയ ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. ദേശീയ ഗെയിംസിലെ ഗ്രീൻപ്രോട്ടോക്കോൾ വൻ വിജയമായതിനെ തുടർന്ന് ശുചിത്വമിഷന്റെ നേതൃത്വത്തിൽ ആറ്റുകാൽ പൊങ്കാല, സ്കൂൾ കലോത്സവം, ശബരിമല തീർത്ഥാടനം, മാരമൺ കൺവൻഷൻ, ഉറൂസുകൾ തുടങ്ങി ലക്ഷക്കണക്കിന് ജനങ്ങൾ പങ്കെടുക്കുന്ന പരിപാടികളിലേയ്ക്കും ഗ്രീൻ പ്രോട്ടോക്കോൾ വ്യാപിപ്പിച്ചു. തുടർന്ന് ഹരിതകേരളം മിഷനും ശുചിത്വമിഷനും ചേർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, പൊതുപരിപാടികളിലും ഉത്സവ ആഘോഷങ്ങളിലും വിവാഹങ്ങളിലും ഓഫീസ് പ്രവർത്തനങ്ങളിലുമെല്ലാം ഗ്രീൻപ്രോട്ടോക്കോൾ പ്രവർത്തനം നടപ്പിലാക്കി. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി വലിയ തോതിൽ മാലിന്യത്തിന്റെ അളവ് കുറയ്ക്കാനും അതിലൂടെ പൊതുസ്ഥലങ്ങളും ജലസ്രോതസ്സുകളും മലിനപ്പെടുന്നത് തടയാനും കഴിഞ്ഞു എന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2020 ജനുവരി 1 മുതൽ സംസ്ഥാനത്ത് ഒറ്റത്തവണ ഉപയോഗിക്കുന്ന നിശ്ചിത ഉൽപ്പന്നങ്ങൾക്ക് നിരോധനം ഏർപ്പെടുത്തിക്കൊണ്ടും എല്ലാ പൊതു പരിപാടികളിലും ഗ്രീൻപ്രോട്ടോക്കോൾ ബാധകമാക്കിക്കൊണ്ടും സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു.

2015 ലെ തദ്ദേശ സ്വയംഭരണ സ്ഥാപന തിരഞ്ഞെടുപ്പിൽ കണ്ണൂർ ജില്ലയിൽ ജില്ലാ ഭരണകൂടവും ജില്ലാ ശുചിത്വമിഷനും ചേർന്ന് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയ ഗ്രീൻ പ്രോട്ടോക്കോൾ വൻ വിജയമായതോടെ തിരഞ്ഞെടുപ്പുകളിലും ഗ്രീൻ പ്രോട്ടോക്കോളിന്റെ സാധ്യത തെളിയുകയായിരുന്നു. ഇതിനെ തുടർന്നാണ് 2019 ലെ ലോക്സഭാ തിരഞ്ഞെടുപ്പ് സമ്പൂർണ്ണ ഹരിത തിരഞ്ഞെടുപ്പായി നടത്താൻ തീരുമാനമെടുത്തത്. ആയത് ദേശീയ ശ്രദ്ധയാകർഷിക്കത്തക്ക രീതിയിൽ വൻ വിജയമായിത്തീർന്നു.

2021 ലെ നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുള്ള ഇലക്ഷൻ കമ്മീഷൻ നിർദ്ദേശങ്ങളിൽ തിരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങൾക്ക് പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കണമെന്ന് നിഷ്ക്കർഷിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ചീഫ് ഇലക്ട്രൽ ഓഫീസർ കേരളം 04.03.2021ന് പുറത്തിറക്കിയ സ.ഉ.(സാധാ)നം.130/2021/ഇലക് നമ്പർ ഉത്തരവിൽ ഹരിത നിയമസഭാ തിരഞ്ഞെടുപ്പ് സംബന്ധിച്ച വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ 29.08.2019 തീയതിയിൽ 111/2019/ത.സ്വ.ഭ.വ. നമ്പരായി പുറത്തിറക്കിയ ഉത്തരവിൽ പി.വി.സി., പ്ലാസ്റ്റിക് ഫ്ളക്സുകൾ നിരോധിച്ചുകൊണ്ടും പകരം ഉപയോഗിക്കാവുന്ന പ്രകൃതി സൗഹൃദ വസ്തുക്കൾ നിർദ്ദേശിച്ചുകൊണ്ടും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

രാഷ്ട്രീയപാർട്ടികൾക്കും സ്ഥാനാർത്ഥികൾക്കും, തിരഞ്ഞെടുപ്പ് ചുമതലയുള്ള ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും ഉണ്ടാകാവുന്ന സംശയങ്ങൾ ദൂരീകരിച്ച് പ്രസ്തുത ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പൂർണമായി നടപ്പിലാകുന്ന സാഹചര്യം സൃഷ്ടിക്കാൻ ലക്ഷ്യമിട്ടാണ് ഈ കൈപ്പുസ്തകം പ്രസിദ്ധീകരിക്കുന്നത്.

# എന്താണ് ഹരിത തിരഞ്ഞെടുപ്പ്?



സംസ്ഥാനത്ത് 15-ാം നിയമസഭയിലേയ്ക്കു നടക്കുന്ന തിരഞ്ഞെടുപ്പിൽ 140 മണ്ഡലങ്ങളിലായി 40771 ബൂത്തുകളാണുള്ളത്. ഈ ബൂത്തുകളിലെ മുഴുവൻ പ്രചാരണ പ്രവർത്തനങ്ങൾക്കുമുപയോഗിക്കുന്ന സാമഗ്രികളും, തിരഞ്ഞെടുപ്പ് പ്രചരണ രംഗത്തുള്ളവർ ഉപയോഗിക്കുന്ന ഭക്ഷണ പൊതികളും, ഡിസ്പോസബിൾ വസ്തുക്കളും കുടിവെള്ളക്കുപ്പികളുമുൾപ്പെടെയുള്ളവയുമെല്ലാം ചേർന്ന് വലിയ തോതിലുള്ള മാലിന്യക്കൂമ്പാരമാണ് പ്രകൃതിയിലേയ്ക്ക് എത്തിച്ചേരാനിടയുള്ളത്. തിരഞ്ഞെടുപ്പ് ദിവസം തിരഞ്ഞെടുപ്പ് കേന്ദ്രത്തിലും പരിസര പ്രദേശങ്ങളിലും സൃഷ്ടിക്കപ്പെടുന്ന മാലിന്യങ്ങൾ ഇതിനു പുറമേയാണ്. മഹത്തായ ഒരു ജനാധിപത്യ പ്രക്രിയ ഇത്തരത്തിൽ പ്രകൃതിയെ നശിപ്പിക്കുന്ന പ്രവർത്തനമായി പരിണമിക്കാതിരിക്കാൻ നമ്മുടെ ചെറിയ ശ്രദ്ധയും ഇടപെടലും മതിയാവും.

തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുടെ ഭാഗമായി രൂപപ്പെടാനിടയുള്ള മാലിന്യങ്ങളുടെ അളവ് പരമാവധി കുറയ്ക്കുകയും കഴിയുന്നിടത്തോളം പ്രകൃതി സൗഹൃദ വസ്തുക്കൾ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ ആവശ്യങ്ങൾക്കും ഉപയോഗിക്കുകയും ചെയ്യുന്നതിനെയാണ് ഹരിത തിരഞ്ഞെടുപ്പ് എന്നതിലൂടെ ഉദ്ദേശിക്കുന്നത്. സ്ഥാനാർത്ഥികളും തിരഞ്ഞെടുപ്പ് ചുമതലയിൽ വരുന്ന ഉദ്യോഗസ്ഥരും തുടങ്ങി സമ്മതിദായകർ വരെ തിരഞ്ഞെടുപ്പ് പ്രക്രിയയുമായി ബന്ധപ്പെടുന്ന മുഴുവൻ പേരും ഒരുമിച്ച് പരിശ്രമിച്ചാൽ ഈ നിയമസഭാ തിരഞ്ഞെടുപ്പ് നമുക്കൊരു ഹരിത തിരഞ്ഞെടുപ്പാക്കി മാറ്റാനാകും.





**പ്രതിജ്ഞ**

**ഞാൻ തിരഞ്ഞെടുക്കപ്പെട്ടാൽ**
**എന്റെ നിയോജക മണ്ഡലത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും**
**അജൈവ പാഴ്‌വസ്തു സംഭരണത്തിനായി എം.സി.എഫ്. ഉണ്ട് എന്ന് ഉറപ്പാക്കും.**

# രൂപപ്പെടാൻ ഇടയുള്ള മാലിന്യം

| | |
|---|---|
| തെരഞ്ഞെടുപ്പ് നടക്കുന്ന ആകെ നിയോജക മണ്ഡലങ്ങളുടെ എണ്ണം | 140 |
| ആകെ ബൂത്തുകളുടെ എണ്ണം | 40771 |
| പ്ലാസ്റ്റിക് ഉല്പന്നങ്ങളും ഡിസ്പോസബിൾ വസ്തുക്കളും ഉപയോഗിച്ചാൽ രൂപപ്പെടാൻ സാധ്യതയുള്ള ഏകദേശ മാലിന്യത്തിന്റെ അളവ് | ബാനറുകൾ, പോസ്റ്ററുകൾ, ഹോർഡിംഗ്സുകൾ – ഏകദേശം 2250 ടൺ |
| | കൊടിതോരണങ്ങൾ ഏകദേശം – 980 ടൺ |
| | പ്ലാസ്റ്റിക്, പ്ലാസ്റ്റിക് കുടിവെള്ള കുപ്പികൾ – ഏകദേശം 1050 ടൺ |
| | ഡിസ്പോസബിൾ കപ്പുകൾ, പാത്രങ്ങൾ, നിരോധിത പ്ലാസ്റ്റിക് കവറുകൾ, ഉത്പന്നങ്ങൾ – ഏകദേശം 1146 ടൺ |
| ആകെ | 5426 ടൺ |




പ്രതിജ്ഞ

ഞാൻ തിരഞ്ഞെടുക്കപ്പെട്ടാൽ
എന്റെ നിയോജക മണ്ഡലത്തിലെ കുളങ്ങൾ മാലിന്യ മുക്തമാക്കി സംരക്ഷിക്കും





## ഏതൊക്കെത്തരം ബോർഡുകൾ സ്ഥാപിക്കാനാണ് അനുമതിയുള്ളത്

പ്രകൃതിക്ക് ദോഷകരമായ വസ്തുക്കൾ ഉപയോഗിച്ചു നിർമ്മിക്കുന്ന ബോർഡുകളാണ് നിരോധിച്ചിട്ടുള്ളത്. കോട്ടൺ തുണിയിൽ പ്രിന്റ് ചെയ്ത ബോർഡുകൾ, കോട്ടൺ തുണിയിൽ എഴുതി തയ്യാറാക്കിയ ബോർഡുകൾ, കോട്ടൺ തുണിയും പേപ്പറും ഉൾപ്പെടുന്ന മീഡിയം ഉപയോഗിച്ച് പ്രിന്റ് ചെയ്യുന്ന ബോർഡുകൾ എന്നിവ ഇപ്പോൾ നമ്മുടെ നാട്ടിൽ ധാരാളമായി ലഭ്യമാണ്. കോട്ടൺ തുണിയും പേപ്പറും ഉൾപ്പെടുന്ന മീഡിയത്തിൽ ഫ്ളക്സിന്റെ അതേ ഗുണനിലവാരത്തിൽ ഫ്ളക്സ് പ്രിന്റ് ചെയ്യുന്ന മെഷീനിൽ തന്നെ പ്രിന്റിംഗ് സാധ്യമാണ്. കൂടാതെ പുനചംക്രമണയോഗ്യമായ പോളി എത്തിലീൻ ഇവയെല്ലാം ഉപയോഗിക്കുന്നതിന് അനുമതിയുണ്ട്. കൂടാതെ പനമ്പായ, പുൽപ്പായ, ഓല, ഈറ, മുള, പാള തുടങ്ങിയ പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ചും ആകർഷകമായ രീതിയിൽ ബോർഡുകളും പ്രചരണ സാമഗ്രികളും ഉണ്ടാക്കാൻ കഴിയും. അനുമതിയുള്ള സ്ഥലങ്ങളിൽ ഡിജിറ്റൽ ബോർഡുകളും സ്ഥാപിക്കാം.



പ്രചാരണത്തിന് സാമൂഹിക മാധ്യമങ്ങളെ പരമാവധി പ്രയോജനപ്പെടുത്താം



**പ്രതിജ്ഞ**

**ഞാൻ തിരഞ്ഞെടുക്കപ്പെട്ടാൽ**
**എന്റെ നിയോജക മണ്ഡലത്തിൽ പാഴ്‌വസ്തു ശേഖരണത്തിന്**
**ഹരിത കർമ്മസേനയെ പ്രോത്സാഹിപ്പിക്കും**

# കൊടി തോരണങ്ങൾ എങ്ങനെ നിർമ്മിക്കാം?



കൊടികളും തോരണങ്ങളും തുണിയിലോ പേപ്പറിലോ നിർമ്മിക്കാം. കൊടികൾ പൊതുവേ തുണികളിലാണല്ലോ തയ്യാറാക്കുന്നത്. എന്നാൽ പ്ലാസ്റ്റിക് കലർന്ന തുണി ഒഴിവാക്കി ഇക്കുറി അവ കോട്ടൺ തുണികളിൽ മതിയെന്ന് തീരുമാനിയ്ക്കാം. തോരണങ്ങൾ പേപ്പറിലോ, കോട്ടൺ തുണിയിലോ ആകാം.



നോൺവൂവൻ പോളി പ്രൊപ്പലിൻ എന്ന വസ്തു പ്ലാസ്റ്റിക്കാണ്. കണ്ടാൽ തുണിപോലെ തോന്നുമെങ്കിലും അവയും നിരോധിച്ചിട്ടുള്ളതാണ്.



**പ്രതിജ്ഞ**

**ഞാൻ തിരഞ്ഞെടുക്കപ്പെട്ടാൽ**
**എന്റെ നിയോജക മണ്ഡലത്തിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ**
**മികച്ച രീതിയിൽ നടപ്പിലാക്കും.**



**സ്ഥാനാർത്ഥികളുടെ പര്യടന സമയത്തും ഭവന സന്ദർശന സമയത്തുമെല്ലാം കുപ്പിവെള്ളം ഉപയോഗിക്കാതിരിക്കാൻ കഴിയില്ലല്ലോ?**




തീർച്ചയായും കഴിയും. ഭവന സന്ദർശനത്തിന് പോകുന്ന സ്ക്വാഡുകൾ ഓരോ സ്റ്റീൽ ബോട്ടിൽകൂടി സഞ്ചിയിൽ കരുതിയാൽ കുപ്പിവെള്ളം ഒഴിവാക്കാം. സ്ഥാനാർത്ഥി പര്യടനത്തിന് ഉപയോഗിക്കുന്ന വാഹനത്തിൽ ഒരു വാട്ടർ ഡിസ്പെൻസറും സ്റ്റീൽ കപ്പും കൂടി കരുതിയാൽ മതിയാകും. സോപ്പ് കരുതാൻ മറക്കല്ലേ!



**പ്രതിജ്ഞ**

ഞാൻ തിരഞ്ഞെടുക്കപ്പെട്ടാൽ
എന്റെ നിയോജക മണ്ഡലത്തിലെ തെരുവുകളും ഓടകളും
വൃത്തിയായി സംരക്ഷിക്കുന്നുണ്ട് എന്നുറപ്പാക്കും



**കോവിഡ് 19 ന്റെ സാഹചര്യത്തിൽ കുപ്പിവെള്ളവും ഡിസ്പോസബിൾ കപ്പുകളും ഉപയോഗി ക്കുന്നതല്ലേ കൂടുതൽ സുരക്ഷിതം?.**

ഒറ്റത്തവണ പോലും അണുവിമുക്തമാക്കാത്ത ഡിസ്പോസബിൾ വസ്തു ക്കളും കുപ്പിവെള്ളവുമെല്ലാം കോവിഡ് മുക്തമാണെന്ന ധാരണ ശരിയല്ല. പല വ്യക്തികളുടെ കൈകളിലൂടെയാവും അവ നമ്മ ളിൽ എത്തിച്ചേരുന്നത്. നമ്മൾ തന്നെ സോപ്പിട്ട് കഴുകി വൃത്തി യാക്കി ഉപയോഗിക്കുന്ന കപ്പുകളും പാത്രങ്ങളും തന്നെയാവും കോവിഡ് വ്യാപന സാധ്യത തടയാൻ സഹായിക്കുന്നത്.



ആഹാര പാഴ്സലുകൾ പാത്രങ്ങളിലോ വാഴയിലയിൽ പൊതിഞ്ഞോ വാങ്ങുക. നിരോധിത പ്ലാസ്റ്റിക് കവറുക ളിലെ ഭക്ഷണം ഒഴിവാക്കാം.

**പ്രതിജ്ഞ**

**ഞാൻ തിരഞ്ഞെടുക്കപ്പെട്ടാൽ എന്റെ നിയോജക മണ്ഡലത്തിലെ ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കപ്പെടുന്നില്ല എന്നുറപ്പാക്കും**





**സമ്മേളനങ്ങളിലും റാലികളിലുമെല്ലാം ഒരേ കപ്പുകൾ കൂടുതൽ പേർ ഉപയോഗിക്കുന്നതു തടയാൻ ഡിസ്പോസബിൾ കപ്പുകൾ ഉപയോഗിക്കുന്നതല്ലേ സുരക്ഷിതം?**



അല്ല. നേരത്തേ സൂചിപ്പിച്ച പോലെ ഉത്പാദനം മുതൽ ഉപയോഗം വരെ നിരവധി പേർ നേരിട്ട് വിരൽ കൊണ്ട് സ്പർശിക്കുന്ന ഉൽപ്പന്നങ്ങളാണ് ഡിസ്പോസബിൾ എന്ന പേരിൽ നമ്മുടെ കൈകളിലെത്തുന്നത്. മാത്രവുമല്ല നിർമ്മാണ സമയത്ത് ഇവയിൽ സ്പ്രേ ചെയ്യുന്ന പ്ലാസ്റ്റിക് സൊല്യൂഷൻ ക്യാൻസർ ഉൾപ്പെടെയുള്ള മാരകരോഗങ്ങൾക്ക് കാരണമായേക്കാവുന്നവയുമാണ്. സോപ്പ് ഉപയോഗിച്ച് നന്നായി കഴുകി അണുവിമുക്തമാക്കുന്ന ചില്ല് കപ്പുകളോ സ്റ്റീൽ കപ്പുകളോ തന്നെയാണ് സുരക്ഷിതമാണെന്ന ഉറപ്പോടെ ഉപയോഗിക്കാൻ കഴിയുന്നത്.

പ്രചാരണത്തിനിറങ്ങുമ്പോൾ സ്റ്റീൽ കുപ്പിയും ഗ്ലാസും കയ്യിൽ കരുതാം.



**പ്രതിജ്ഞ**

**ഞാൻ തിരഞ്ഞെടുക്കപ്പെട്ടാൽ**
**എന്റെ നിയോജക മണ്ഡലത്തിൽ മാലിന്യ സംസ്ക്കരണ നിയമങ്ങൾ**
**നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾക്ക് പിന്തുണ നൽകും**





## സ്ഥാനാർത്ഥികളുടെ പ്രചാരണ വാഹനങ്ങളിൽ എന്തൊക്കെയാണ് ഒഴിവാക്കേണ്ടത്?

പര്യടന വാഹനങ്ങൾ അലങ്കരിയ്ക്കുന്നതിന് പ്രകൃതി സൗഹൃദ വസ്തുക്കൾ മാത്രം ഉപയോഗിക്കാൻ ശ്രദ്ധിക്കണം. ഫ്ളക്സും പ്ലാസ്റ്റിക്കും തെർമ്മോക്കോളും ഉൾപ്പെടെയുള്ള സാധനങ്ങൾ പൂർണ്ണമായും ഒഴിവാക്കി തുണിയും പേപ്പറും ഉൾപ്പെടെ യുള്ള പ്രകൃതി സൗഹൃദ വസ്തുക്കൾ മാത്രം ഉപയോഗിച്ച് വാഹനങ്ങൾ അലങ്കരിക്കാം.



**പ്രതിജ്ഞ**

**ഞാൻ തിരഞ്ഞെടുക്കപ്പെട്ടാൽ എന്റെ നിയോജക മണ്ഡലത്തിൽ ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കും.**



# സ്ഥാനാർത്ഥിയുടെ സ്വീകരണ പരിപാടിയിൽ എന്തെങ്കിലും ശ്രദ്ധിക്കാനുണ്ടോ?



തീർച്ചയായും ഉണ്ട്. സ്ഥാനാർത്ഥികളെ സ്വീകരിക്കാൻ വേണ്ടി ഇടുന്ന ഹാരങ്ങൾ പ്ലാസ്റ്റിക്കിലുള്ളതല്ലെന്ന് ഉറപ്പുവരുത്തണം. പൂക്കൾ ഉപയോഗിച്ച് ഉണ്ടാക്കിയ ഹാരങ്ങൾ, കോട്ടൺ നൂൽ-തോർത്ത് തുടങ്ങിയവ പകരമായി ഉപയോഗിക്കാം. **പുസ്തകങ്ങൾ** നൽകിയും സ്വീകരണങ്ങൾ ഒരുക്കാം. വ്യക്തികൾ പരസ്പരം കൈ മാറുന്നവയായതിനാൽ ഇവ അണുവിമുക്തമാണെന്ന് ഉറപ്പുവരുത്താൻ പ്രത്യേകം ശ്രദ്ധിക്കണം.






**പ്രതിജ്ഞ**

**ഞാൻ തിരഞ്ഞെടുക്കപ്പെട്ടാൽ**
**എന്റെ നിയോജക മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ**
**ജൈവ മാലിന്യത്തിൽ നിന്ന് വളം നിർമ്മാണം പ്രോത്സാഹിപ്പിക്കും**

# തിരഞ്ഞെടുപ്പ് പ്രചാരണത്തിനിടയിലെ ഭക്ഷണം ഗ്രീൻ പ്രോട്ടോക്കോളിലാക്കാൻ എന്ത് മുൻകരുതലാണ് എടുക്കേണ്ടത് ?



കോവിഡിന്റെ സാഹചര്യത്തിൽ പ്രചാരണ വേളയിൽ പ്രവർത്തകർ ഒരുമിച്ച് ഭക്ഷണം കഴിക്കുന്ന സന്ദർഭങ്ങൾ പരമാവധി ഒഴിവാക്കാം. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഭക്ഷണം കഴിക്കുമ്പോഴും പ്ലാസ്റ്റിക്കിൽ പൊതിഞ്ഞ പാഴ്സലുകൾ, പേപ്പർ/പ്ലാസ്റ്റിക്/തെർമോക്കോൾ എന്നിവയിൽ നിർമ്മിതമായ ഡിസ്പോസബിൾ കപ്പുകൾ, പ്ലേറ്റുകൾ എന്നിവ ഒഴിവാക്കി പകരം സ്റ്റീൽ പ്ലേറ്റ്, സ്റ്റീൽ/ചില്ല് ഗ്ലാസുകൾ എന്നിവ ഉപയോഗിക്കാം. തിരഞ്ഞെടുപ്പ് കമ്മറ്റി ഓഫീസുകളിൽ സ്വന്തം പാത്രങ്ങൾ ഇതിനായി കരുതി വയ്ക്കാം. കേരളത്തിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും എല്ലാ ബൂത്തുകളിലും തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ ഏർപ്പെട്ടിരിക്കുന്ന പ്രവർത്തകർ മുഴുവൻ ഇങ്ങനെ പ്രവർത്തിച്ചാൽ മണ്ണിൽ വീണ് പ്രകൃതിയെ നശിപ്പിക്കുന്ന ടൺ കണക്കിന് മാലിന്യങ്ങൾ ഒഴിവാക്കാനാകും.
അതിലൂടെ മാരക രോഗങ്ങളും പകർച്ച വ്യാധികളും ഒഴിവാക്കാം. തിരഞ്ഞെടുപ്പ് ചെലവും ഗണ്യമായി കുറയ്ക്കാം.



സ്റ്റീൽ പാത്രങ്ങളും കപ്പുകളും ലഭിക്കുന്നതിനും അണുവിമുക്തമാക്കുന്നതിനും തദ്ദേശ സ്ഥാപനങ്ങളിലെ ഹരിതകർമ്മസേന ഗ്രീൻ പ്രോട്ടോക്കോൾ യൂണിറ്റുകളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

**പ്രതിജ്ഞ**

**ഞാൻ തിരഞ്ഞെടുക്കപ്പെട്ടാൽ**
**എന്റെ നിയോജക മണ്ഡലത്തിൽ ദ്രവമാലിന്യ സംസ്കരണ പദ്ധതികൾ യാഥാർത്ഥ്യമാക്കും**






## തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഹരിത സന്ദേശങ്ങൾ പ്രചരിപ്പിക്കാൻ രാഷ്ട്രീയ പാർട്ടികൾക്ക് എന്തെങ്കിലും ചെയ്യാനാകുമോ ?

ഉറപ്പായും കഴിയും. തിരഞ്ഞെടുപ്പിന്റെ ഭാഗമായി അച്ചടിയ്ക്കുന്ന നോട്ടീസുകളിലെല്ലാം മുകളിലോ താഴെയോ ഹരിത സന്ദേശങ്ങൾ കൂടി ചേർക്കാൻ കഴിയും. പ്രകൃതി സൗഹൃദ വസ്തുക്കൾ മാത്രം ഉപയോഗിച്ചുള്ള തന്റെ പ്രചരണ രീതിയെക്കുറിച്ചോ, താൻ ജയിച്ചുവന്നാൽ പ്രകൃതി സൗഹൃദ പ്രവർത്തനങ്ങൾക്ക് നൽകുന്ന മുൻഗണനയെക്കുറിച്ചോ ഒക്കെ സ്ഥാനാർത്ഥിയ്ക്ക് തന്റെ അഭ്യർത്ഥന നോട്ടീസിൽ ചേർക്കാവുന്നതാണ്.



**മാസ്ക്**
അതും തുണികൊണ്ട് നിർമ്മിച്ചതാകട്ടെ



**പ്രതിജ്ഞ**

**ഞാൻ തിരഞ്ഞെടുക്കപ്പെട്ടാൽ എന്റെ നിയോജക മണ്ഡലത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജലഗുണനിലവാര പരിശോധനാ ലാബുകൾ സ്ഥാപിക്കും**



## ചുവരെഴുത്തുകൾ ആകാമല്ലോ ?




ആകാം.

പക്ഷേ ചുവരെഴുത്തുകൾക്കു പകരം ചുവരിൽ ഫ്ളക്സുകൾ ഒട്ടിയ്ക്കുന്നതും ചുവരെഴുത്തിനോടൊപ്പം ഫോട്ടോകളുടെ ഫ്ളക്സുകൾ ഒട്ടിയ്ക്കുന്നതും അടുത്തകാലത്തായി വർദ്ധിച്ചുവരുന്നുണ്ട്. ഇവ പൂർണ്ണമായും ഒഴിവാക്കണം. ചുവരെഴുത്തെന്നാൽ ചുവരിൽ ബ്രഷ് ഉപയോഗിച്ചുള്ള എഴുത്തുതന്നെയാവട്ടെ!

**പ്രതിജ്ഞ**

**ഞാൻ തിരഞ്ഞെടുക്കപ്പെട്ടാൽ**
**എന്റെ നിയോജക മണ്ഡലത്തിൽ എല്ലാ മേഖലകളിലും**
**ഗ്രീൻ പ്രോട്ടോക്കോൾ പ്രോത്സാഹിപ്പിക്കും**






## തുണികൊണ്ടുള്ള ആർച്ചുകൾ ഉണ്ടാക്കുന്നതിന് തടസ്സമൊന്നുമില്ലല്ലോ?



ആർച്ചുകൾ ഉണ്ടാക്കുന്നത് സ്റ്റീൽ/ഇരുമ്പ്/അലുമിനിയം/ തടി ഫ്രെയിമുകളും തുണിയും ഉപയോഗിച്ചാണെങ്കിലും അവയിൽ അക്ഷരങ്ങളായി തെർമ്മോക്കോൾ ആണ് മിക്കപ്പോഴും ഉപയോഗിക്കുന്നത്. റീസൈക്ലിംഗ് പോലും ചെയ്യാൻ കഴിയാത്ത ഇവ നമുക്ക് ഒഴിവാക്കാം. ആർച്ചുണ്ടാക്കുമ്പോൾ കോട്ടൺ തുണിയിലെഴുതിയ ബാനർ തന്നെ ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തണം.



**പ്രതിജ്ഞ**

**ഞാൻ തിരഞ്ഞെടുക്കപ്പെട്ടാൽ**
**എന്റെ നിയോജക മണ്ഡലത്തിൽ ജനങ്ങൾക്ക് സുരക്ഷിത കുടിവെള്ളം ഉറപ്പുവരുത്തും**


വോട്ടെടുപ്പ് ദിനം കഴിഞ്ഞാലോ?
അപ്പോഴും ഉണ്ടല്ലോ.
പ്രകൃതി സൗഹൃദ വസ്തുക്കൾ
മാത്രം ഉപയോഗിച്ചാണ് തിരഞ്ഞെടുപ്പ്
പ്രചാരണം നടത്തുന്നതെങ്കിലും
തിരഞ്ഞെടുപ്പിനു ശേഷം അവ
ശേഖരിച്ച് തരം തിരിച്ച് ശരിയായി
സംസ്കരിച്ചില്ലെങ്കിൽ അവയും
മാലിന്യപ്രശ്നങ്ങൾ സൃഷ്ടിക്കും.


പ്രതിജ്ഞ
പ്രതിജ്ഞ –ഞാൻ തിരഞ്ഞെടുക്കപ്പെട്ടാൽ
എന്റെ നിയോജക മണ്ഡലത്തിൽ ശുചിത്വ ബോധമുള്ള തലമുറയെ
വാർത്തെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കും.



**അപ്പോപ്പിന്നെ എന്താണ് പോംവഴി?**

തിരഞ്ഞെടുപ്പ് കഴിഞ്ഞാലുടൻ ബോർഡുകളും കൊടികളും തോരണങ്ങളുമെല്ലാം സ്ഥാപിച്ചവർതന്നെ അവ ശേഖരിച്ച് തരം തിരിച്ച്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഹരിതകർമ്മ സേനകൾക്ക് കൈമാറണം. അവർ അത് ശാസ്ത്രീയ പുന:ചംക്രമണത്തിന് കൈമാറും. ഉപയോഗിച്ചശേഷം വലിച്ചെറിയുന്ന വോട്ടേഴ്സ് സ്ലിപ്പുപോലും ശേഖരിച്ച് കൈമാറി നമുക്ക് പുതിയൊരു മാതൃക തീർക്കാം.





**പ്രതിജ്ഞ**

ഞാൻ തിരഞ്ഞെടുക്കപ്പെട്ടാൽ
എന്റെ നിയോജക മണ്ഡലത്തിൽ സുരക്ഷിത അറവുമാലിന്യ
സംസ്കരണ പദ്ധതി നടപ്പിലാക്കും



**ഇക്കാര്യത്തിൽ രാഷ്ട്രീയ പാർട്ടികൾക്കും പൊതുജനങ്ങൾക്കും ഏതെങ്കിലും ഏജൻസികളുടെ പിന്തുണ ലഭിക്കാനിടയുണ്ടോ ?**

തീർച്ചയായും ഉണ്ട്.
തിരഞ്ഞെടുപ്പിൽ ഹരിത പെരുമാറ്റച്ചട്ടം (ഗ്രീൻ പ്രോട്ടോക്കോൾ) നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാതലം മുതൽ ബൂത്ത് തലം വരെ സഹായ സഹകരണങ്ങൾക്ക് ജില്ലാ ഹരിതകേരളം മിഷനേയും ശുചിത്വമിഷനേയും ബന്ധപ്പെടാവുന്നതാണ്. മിഷനുകളുടെ ഓഫീസുമായി ബന്ധപ്പെട്ടാൽ ഹരിതചട്ടം നടപ്പാക്കുന്നത് സംബന്ധിച്ച സംശയങ്ങൾക്ക് മറുപടി ലഭിക്കും. കുടുംബശ്രീയുടെയും, പാഴ്വസ്തുക്കൾ നീക്കം ചെയ്യുന്നതിന് ക്ലീൻ കേരളാ കമ്പനിയുടെയും സഹായവും ലഭ്യമാണ്.



**പ്രതിജ്ഞ**

**ഞാൻ തിരഞ്ഞെടുക്കപ്പെട്ടാൽ
എന്റെ നിയോജക മണ്ഡലത്തിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളും
സമ്പൂർണ്ണ ശുചിത്വ പദവി നേട്ടത്തിലെത്തി എന്ന് ഉറപ്പുവരുത്തും**



## തെരഞ്ഞെടുപ്പു ദിവസം പോളിംഗ് ബൂത്തുകളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- ഡിസ്പോസബിൾ/ നിരോധിത പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം ഒഴിവാക്കാം.
- പ്ലാസ്റ്റിക്കിൽ പൊതിയുന്ന ഭക്ഷണപ്പൊതികൾ ഒഴിവാക്കാം.
- ആഹാര പാനീയങ്ങൾ സ്വന്തം പാത്രങ്ങളിൽ വാങ്ങാം.
- മാലിന്യം തരംതിരിച്ച് നിക്ഷേപിക്കുന്നതിന് ബിന്നുകൾ സ്ഥാപിക്കാം.
- ഹരിതകർമ്മസേനകൾ വഴി പാഴ്‌വസ്തുക്കൾ നീക്കം ചെയ്യാം.
- അണുനശീകരണത്തിന് ഹരിതകർമ്മസേന യൂണിറ്റുകളുടെ സേവനം പ്രയോജനപ്പെടുത്താം.
- കുടിവെള്ള വിതരണത്തിന് അണുവിമുക്തമാക്കിയ പാത്രങ്ങൾ ഉപയോഗിക്കാം.
- കോവിഡ്-19 മാലിന്യങ്ങൾ പ്രത്യേകം ബിന്നുകൾ സ്ഥാപിച്ച് അതിൽ നിക്ഷേപിച്ച് ആരോഗ്യ വകുപ്പിന് കൈമാറാം.

## സ്ഥാനാർത്ഥികളുടെ ഇലക്ഷൻ കമ്മിറ്റി ഓഫീസുകളിലും കൗണ്ടറുകളിലും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- ഇലക്ഷൻ കമ്മിറ്റി ഓഫീസുകളും കൗണ്ടറുകളും അലങ്കരിക്കുന്നതിന് പ്ലാസ്റ്റിക് വസ്തുക്കൾ ഒഴിവാക്കാം.
- ഉപയോഗശൂന്യമായ പേപ്പറുകൾ, പാഴ് വസ്തുക്കൾ എന്നിവ ബിന്നുകളിൽ നിക്ഷേപിച്ച് ഹരിതകർമ്മസേനയ്ക്ക് കൈമാറാം.
- പ്ലാസ്റ്റിക് കുപ്പിവെള്ളം, ഡിസ്പോസബിൾ പാത്രങ്ങൾ എന്നിവ പൂർണ്ണമായി ഒഴിവാക്കാം.
- നിശ്ചിത ഇടവേളകളിൽ ഓഫീസുകൾ അണുവിമുക്തമാക്കുന്നതിന് ഹരിതകർമ്മസേന യൂണിറ്റിന്റെ സേവനം പ്രയോജനപ്പെടുത്താം.
- തുണി മാസ്ക് ഉപയോഗിച്ച് മാതൃകയാകാം.



പ്രതിജ്ഞ

പ്രതിജ്ഞ – ഞാൻ തിരഞ്ഞെടുക്കപ്പെട്ടാൽ
എന്റെ നിയോജക മണ്ഡലത്തെ പകർച്ചവ്യാധി മുക്തമാക്കാൻ ശ്രമിക്കും

# ജില്ലാ മിഷനുകളുടെ നമ്പരുകൾ

| ജില്ല | ഹരിതകേരളം മിഷൻ | ശുചിത്വമിഷൻ |
|---|---|---|
| തിരുവനന്തപുരം | 9188120321 | 9495330575 |
| കൊല്ലം | 9188120322 | 9446100653 |
| പത്തനംതിട്ട | 9188120323 | 9809016597 |
| ആലപ്പുഴ | 9188120324 | 9446303275 |
| കോട്ടയം | 9188120325 | 8848893176 |
| എറണാകുളം | 9188120327 | 9446666154 |
| ഇടുക്കി | 9188120326 | 9562242370 |
| തൃശൂർ | 9188120328 | 8075650342 |
| പാലക്കാട് | 9188120329 | 8075749645 |
| മലപ്പുറം | 9188120331 | 9496341451 |
| കോഴിക്കോട് | 9188120332 | 9495367008 |
| വയനാട് | 9188120334 | 9048399320 |
| കണ്ണൂർ | 9188120335 | 8086758590 |
| കാസറഗോഡ് | 9188120336 | 8848699968 |

| ഒഴിവാക്കേണ്ടത് | ഉപയോഗിക്കാവുന്നത് |
|---|---|
| പ്ലാസ്റ്റിക് വസ്തുക്കളടങ്ങുന്ന എല്ലാത്തരം ബാനറുകൾ, ബോർഡുകൾ, ഹോർഡിംഗ്സുകൾ. | കോട്ടൺ തുണി, പേപ്പർ-തുണി മീഡിയം, ചണം, തടി, ലോഹങ്ങളിൽ നിർമ്മിതമായ ബോർഡുകൾ, മുള, ഈറ, പനമ്പായ, പാള മുതലായവ. |
| എല്ലാത്തരം ഡിസ്പോസബിൾ വസ്തുക്കളും പ്ലാസ്റ്റിക് കുപ്പിവെള്ളവും (പേപ്പർ/പ്ലാസ്റ്റിക്/തെർമോകോൾ എന്നിവയുൾപ്പെടെ). | വാട്ടർ ക്യാനുകൾ, സ്റ്റീൽ കുപ്പികൾ, സ്റ്റീൽ/ചില്ല് ഗ്ളാസുകൾ, സ്റ്റീൽ/സിറാമിക് പ്ലെയിറ്റുകൾ. |
| പ്ലാസ്റ്റിക് തോരണങ്ങൾ, തെർമോക്കോൾ ഉപയോഗിക്കുന്ന ആർച്ചുകൾ. | തുണി/പേപ്പർ തോരണങ്ങൾ, തുണിയിൽ എഴുതിയ ആർച്ചുകൾ. |
| പ്ലാസ്റ്റിക്കിൽ പൊതിഞ്ഞ ആഹാരവസ്തുക്കൾ | വാഴയിലയിൽ പൊതിഞ്ഞ് വരുന്ന ഭക്ഷണ പദാർത്ഥങ്ങൾ. |
| സ്ഥാനാർത്ഥിയെ സ്വീകരിക്കാൻ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഹാരങ്ങൾ. | പൂക്കളിലുള്ള ഹാരങ്ങൾ, കോട്ടൺ നൂൽ-തോർത്ത്, പുസ്തകം. |

**കേരള സർക്കാർ**

**സംഗ്രഹം**

ഇലക്ഷൻ വകുപ്പ് - നിയമസഭാ തിരഞ്ഞെടുപ്പ് 2021 – പരിസ്ഥിതി സൗഹൃദ തിരഞ്ഞെടുപ്പായി നടത്തുന്നതിനുള്ള മാർഗ്ഗരേഖകൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഇലക്ഷൻ (ജനറൽ) വകുപ്പ്**

**സ.ഉ. (സാധാ) നം. 130/2021/ഇലക്. തിരുവനന്തപുരം, തീയതി 04.03.2021**

പരാമർശം 1) കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ 17.01.2019 ലെ 12/79/2018-HSMD(Pt.) നമ്പർ കത്ത്.

2) കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ 26.02.2019 ലെ 4/3/2019/SDR നമ്പർ കത്ത്.

3) ബഹു. കേരള ഹൈക്കോടതിയുടെ WP(C) No.7193/2019(S) നമ്പർ കേസിലെ 11.03.2019 ലെ ഇടക്കാല ഉത്തരവ്.

4) 11.01.2021 ലെ സ.ഉ. (സാധാ) 85/2021/ഇലക്. നമ്പർ ഉത്തരവ്.

5) കേരള ശുചിത്വ മിഷന്റെ 02.03.2021 ലെ 1071/ഇ 2/2020/എസ്.എം. നമ്പർ കത്ത്.

## <u>ഉത്തരവ്</u>

2021 ലെ നിയമസഭാ തിരഞ്ഞെടുപ്പ് പരിസ്ഥിതി സൗഹൃദ തിരഞ്ഞെടുപ്പ് ആയി നടത്തുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പി.വി.സി. ഫ്ലക്സുകൾ, ബാനറുകൾ, ബോർഡുകൾ, പ്ലാസ്റ്റിക് കൊടി തോരണങ്ങൾ എന്നിവ സ്ഥാനാർത്ഥികളും രാഷ്ട്രീയ പാർട്ടികളും പ്രചാരണത്തിനായി ഉപയോഗിക്കരുത്. പി.വി.സി. പ്ലാസ്റ്റിക് കലർന്ന കൊറിയൻ ക്ലോത്ത്, നൈലോൺ, പോളിസ്റ്റർ, പോളിസ്റ്റർ കൊണ്ടുള്ള തുണി തുടങ്ങി പ്ലാസ്റ്റിക്കിന്റെ അംശമോ, പ്ലാസ്റ്റിക് കോട്ടിങ്ങോ ഉള്ള പുനഃചംക്രമണ സാധ്യമല്ലാത്ത ബാനർ, ബോർഡുകൾ തുടങ്ങിയ എല്ലാത്തരം സാമഗ്രികളുടേയും ഉപയോഗം ഒഴിവാക്കേണ്ടതാണ്.
2. കോട്ടൺ തുണി (100% കോട്ടൺ ഉപയോഗിച്ച് നിർമ്മിച്ചത്), പേപ്പർ, പോളി എത്തിലിൻ തുടങ്ങിയ പുനരുപയോഗ - പുനഃചംക്രമണ സാധ്യമായ വസ്തുക്കൾ ഉപയോഗിച്ച് അച്ചടിക്കുന്ന ബാനറുകളോ, ബോർഡുകളോ മാത്രമേ പ്രചാരണ പരിപാടികൾക്ക് ഉപയോഗിക്കുവാൻ പാടുള്ളൂ.
3. ഇത്തരം മെറ്റീരിയൽ പ്രിന്റ് ചെയ്യുമ്പോൾ റീസൈക്ലബിൾ, പി.വി.സി. ഫ്രീ എന്ന ലോഗോയും, ഉപയോഗം അവസാനിക്കുന്ന തീയതിയും, പ്രിന്റ് ചെയ്യുന്ന സ്ഥാപനത്തിന്റെ പേരും, പ്രിന്റിംഗ് നമ്പരും നിർബന്ധമായും പ്രചാരണ സാമഗ്രികളിൽ ഉൾപ്പെടുത്തേണ്ടതാണ്.
4. നിരോധിത ഉത്പ്പന്നങ്ങളുടെ ഉപയോഗം കണ്ടെത്തിയാൽ അനുയോജ്യ നിയമ നടപടികൾ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ ആരംഭിക്കേണ്ടതാണ്.

(....2)

5. പുനഃചംക്രമണം – പുനരുപയോഗ യോഗ്യമായ പ്രചാരണ സാമഗ്രികൾ ഉപയോഗ ശേഷം അതാത് രാഷ്ട്രീയ പാർട്ടികൾ ശേഖരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഹരിതകർമ്മ സേന മുഖാന്തിരം സർക്കാർ കമ്പനിയായ ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് കൈമാറേണ്ടതാണ്.
6. രാഷ്ട്രീയ പാർട്ടികളുടെ ഇലക്ഷൻ ഓഫീസുകൾ അലങ്കരിക്കുന്നതിന് പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കേണ്ടതാണ്.
7. പോളിംഗ് ബൂത്തുകൾ സജ്ജമാക്കുമ്പോൾ നിരോധിത പ്ലാസ്റ്റിക് വസ്തുക്കൾ പൂർണ്ണമായും ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
8. തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ പരിശീലന പരിപാടികളിൽ ഗ്രീൻ പ്രോട്ടോക്കോൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തേണ്ടതാണ്.
9. തിരഞ്ഞെടുപ്പിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നത് സംബന്ധിച്ച് പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബയോ മെഡിക്കൽ മാലിന്യ സംസ്കരണം സംബന്ധിച്ച് പ്രസ്തുത ഉത്തരവിൽ വിവരിച്ചിട്ടുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
10. ഹരിതചട്ടം പാലിക്കുന്നത് സംബന്ധിച്ച നോഡൽ ഓഫീസർ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറായിരിക്കും.
11. മേൽ നിർദ്ദേശങ്ങൾ അനുസരിച്ച് വിവിധ വകുപ്പുകൾ, ശുചിത്വ മിഷൻ എന്നിവയുടെ ഏകോപനത്തിലൂടെ ഉചിതമായ നടപടികൾ സ്വീകരിച്ച് നിയമസഭാ തിരഞ്ഞെടുപ്പ്, 2021 പരിസ്ഥിതി സൗഹാർദ്ദമായി നടപ്പിലാക്കുവാനുള്ള അധികാരം ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാരിൽ നിക്ഷിപ്തമാണ്.

*(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )*

**ടീകാറാം മീണ**
**ചീഫ് ഇലക്ടറൽ ഓഫീസർ**

To

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാർക്കും
എല്ലാ റിട്ടേണിംഗ് ഓഫീസർമാർക്കും
ചീഫ് സെക്രട്ടറിയുടെ ഓഫീസ്
ഐ & പി.ആർ.ഡി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്ത് പി.വി.സി. ഫ്ലക്സ് നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

**സ.ഉ.(കൈ.) നം.111/2019/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 29.08.2019.**

പരാമർശം: 1) 27.10.2015-ലെ സ.ഉ.(സാധാ)നം.3185/2015/തസ്വഭവ നമ്പർ ഉത്തരവ്

2) 07.06.2017-ലെ സ.ഉ.(സാധാ)നം.1898/2017/തസ്വഭവ നമ്പർ ഉത്തരവ്

3) ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 06.03.2018-ൽ കൂടിയ ഫ്ലക്സ് പ്രിന്റിംഗ് മേഖലയിലെ സംഘടന പ്രതിനിധികൾ, ഈ വിഷയവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ യോഗതീരുമാനം

4) ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെഅദ്ധ്യക്ഷതയിൽ 08.05.2018-ൽ കൂടിയ സർവ്വകക്ഷി യോഗതീരുമാനം

5) 15929/2018 റിട്ട് ഹർജിയിന്മേൽ ബഹു.ഹൈക്കോടതി 11.05.2018 ൽ പുറപ്പെടുവിച്ച ഉത്തരവ്.

6) 7193/2019 റിട്ട് ഹർജിയിന്മേൽ ബഹു. ഹൈക്കോടതി 11.03.2019-ൽ പുറപ്പെടുവിച്ച ഉത്തരവ്

7) ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 02.08.2019-ലെ 3304/ജി/2016/എസ്.എം. നമ്പർ കുറിപ്പ്.

**ഉത്തരവ്**

സംസ്ഥാനത്ത് പോളി വിനൈൽ ക്ലോറൈഡ് (പി.വി.സി) ഉപയോഗിച്ചുള്ള ഫ്ലക്സ് നിർമ്മാണവും ഉപയോഗവും അനിയന്ത്രിതമായി തുടരുകയും അത് വൻതോതിൽ പരിസ്ഥിതി മലിനീകരണത്തിന് കാരണമാവുകയും ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പരാമർശം (2) ഉത്തരവ് പ്രകാരം ഫ്ലക്സ് നിരോധനത്തിന്റെ പ്രായോഗികത സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ചുമതലപ്പെടുത്തിയ കമ്മിറ്റി പി.വി.സി. ഫ്ലക്സ് നിരോധനം നടപ്പിലാക്കാവുന്നതാണെന്ന് ശുപാർശ ചെയ്തു.

**2.** ഫ്ലക്സിന് നിരോധനം ഏർപ്പെടുത്തുന്ന കാര്യം ചർച്ച ചെയ്യുന്നതിനായി ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 06.03.2018-ന് ഫ്ലക്സ് പ്രിന്റിംഗ് മേഖലയിലെ സംഘടനാ പ്രതിനിധികൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ഈ മേഖലയിലെ വിദഗ്ധർ എന്നിവരുൾപ്പെട്ട ഒരു യോഗം ചേരുകയും ഫ്ലക്സ് ബോർഡുകളുടെ അനിയന്ത്രിതമായ ഉപയോഗം പരിസ്ഥിതി മലിനീകരണത്തിന് കാരണമാകുന്നതിനാൽ സംസ്ഥാനത്തൊട്ടാകെ ഫ്ലക്സിന് പകരമായി റീസൈക്കിൾ ചെയ്യാവുന്ന പോളി എഥിലീനോ (പോളിത്തീൻ) കോട്ടൺ തുണിയോ ഉപയോഗിക്കുവാൻ പരാമർശം (3) പ്രകാരം തീരുമാനിക്കുകയും ചെയ്തു.

3. ഫ്ലക്സ് നിരോധനം സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08.05.2018-ൽ ചേർന്ന സർവ്വകക്ഷിയോഗം, പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നതും, റീസൈക്കിൾ ചെയ്യാൻ കഴിയാത്തതുമായ പി.വി.സി ഫ്ലക്സിന് പകരം പരിസ്ഥിതി സൗഹൃദമായ റീസൈക്കിൾ ചെയ്യാവുന്ന പോളി എഥിലീൻ (പോളിത്തീൻ) പോലുള്ള പദാർത്ഥങ്ങൾ ഉപയോഗിച്ചുള്ള പ്രിന്റിംഗ് ഈ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം ഉറപ്പാക്കിക്കൊണ്ട് നടപ്പിലാക്കുവാൻ പരാമർശം (4) പ്രകാരം തീരുമാനിച്ചു. അതിനെ തുടർന്ന് പി.വി.സി.ഫ്ലക്സ് നിരോധനം സംബന്ധിച്ച് ശുചിത്വമിഷൻ തയ്യാറാക്കിയ ലഘുലേഖ സർവ്വകക്ഷിയോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മുഴുവൻ രാഷ്ട്രീയ പാർട്ടികൾക്കും നൽകുകയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുകയും ചെയ്തു.

4. സൈൻ പ്രിന്റിംഗ് ഇൻഡസ്ട്രീസ് അസോസിയേഷൻ സമർപ്പിച്ച WP(C) No.15929/2018-മേൽ ബഹു. ഹൈക്കോടതി പരാമർശം (5) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ബന്ധപ്പെട്ട കക്ഷികൾക്ക് പറയാനുള്ളത് ബോധിപ്പിക്കുന്നതിന് അവസരം നൽകണമെന്ന് ഉത്തരവാകുകയും അതിന്റെ അടിസ്ഥാനത്തിൽ ഭാരവാഹികൾക്ക് അതിനവസരം നൽകുകയും ചെയ്തു.

5. പരാമർശം (6)-ലെ ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പതിനേഴാം ലോക് സഭ തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ സംസ്ഥാനത്തൊട്ടാകെ ഫ്ലക്സ് ബോർഡുകളുടെ ഉപയോഗം പൂർണ്ണമായും നിരോധിച്ചിരുന്നു.

6. പ്ലാസ്റ്റിക്, പി.വി.സി. എന്നിവ കൊണ്ട് നിർമ്മിതമായ ഫ്ലക്സുകൾ പ്രകൃതിക്കും മനുഷ്യർക്കും ദോഷകരമായ സാഹചര്യത്തിൽ തുണി, പേപ്പർ എന്നിവ ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള ബാനറുകൾ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കണമെന്നും തുണി, പേപ്പർ എന്നിവ ലഭ്യമാകാത്ത സാഹചര്യങ്ങളിൽ മാത്രം, പോളി എത്തിലീൻ നിർമ്മിത വസ്തുക്കളോ തുണിയും പേപ്പറും ഉപയോഗിച്ച് നിർമ്മിച്ച ജീർണ്ണിക്കുന്ന (ബയോ ഡീഗ്രേഡബിൾ) വസ്തുക്കളാൽ നിർമ്മിതമായ ബാനറുകളോ നിശ്ചിത നികുതി ഏർപ്പെടുത്തിക്കൊണ്ട് മാത്രം പ്രിൻറ് ചെയ്യുന്നതിന് അനുമതി നൽകാവുന്നതാണെന്നും പരാമർശം (7) പ്രകാരം ശുചിത്വമിഷൻ റിപ്പോർട്ട് സമർപ്പിച്ചു.

7. പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ഫ്ലക്സ് ബോർഡുകൾക്ക് പകരം റീസൈക്കിൾ ചെയ്യാവുന്നതും പി.വി.സി. മുക്തവുമായ പോളി എത്തിലീൻ നിർമ്മിത വസ്തുക്കൾ ഉപയോഗിക്കുന്നതിന് അനുമതി നൽകിയിരുന്നു. പി.വി.സി. ഫ്ലക്സ് ഉപയോഗം തുടരുകയും അവയുടെ ഉല്പാദനത്തോത് ക്രമാതീതമായി വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യമാണുള്ളത്.

8. കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ 2018-ൽ ഭേദഗതി ചെയ്ത പ്രകാരമുള്ള, 2016-ലെ പ്ലാസ്റ്റിക് വേസ്റ്റ് (മാനേജ്മെന്റ്) ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം പുനഃചംക്രമണം അല്ലെങ്കിൽ പുനരുപയോഗം സാദ്ധ്യമല്ലാത്ത മൾട്ടിലെയർ പ്ലാസ്റ്റിക്കുകളുടെ ഉപയോഗവും നിർമ്മാണവും ഘട്ടം ഘട്ടമായി രണ്ടു വർഷക്കാലയളവിനുള്ളിൽ ഉപേക്ഷിക്കേണ്ടതാണ്.

9. പി.വി.സി. ഫ്ലക്സിന് പകരം ഉപയോഗിക്കാവുന്നതും റീസൈക്കിൾ ചെയ്യാവുന്നതുമായ ഉല്പന്നങ്ങൾ/ പദാർത്ഥങ്ങൾ ഉപയോഗിച്ച് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഫ്ലക്സ് പ്രിന്റിംഗ് മെഷീനിൽ തന്നെ ബാനറുകളും മറ്റും പ്രിന്റ് ചെയ്യുവാൻ സാധിക്കുന്നതിനാൽ തൊഴിൽ നഷ്ടം ഉണ്ടാകുന്നില്ല.

**10.** മേൽ വിവരിച്ച റിപ്പോർട്ടുകളുടെയും യോഗനടപടിക്രമങ്ങളുടെയും അടിസ്ഥാനത്തിൽ ആരോഗ്യ-പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന പി.വി.സി. ഫ്ലക്സ് നിരോധിച്ച് ഉത്തരവാകുന്നു. ഇത് സംബന്ധിച്ച് താഴെപ്പറയുന്ന നടപടിക്രമങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(1) സർക്കാർ പരിപാടികൾ, സ്വകാര്യ പരിപാടികൾ, മതപരമായ ചടങ്ങുകൾ, സിനിമ, തിരഞ്ഞെടുപ്പ് പ്രചരണം, മറ്റു പരസ്യങ്ങൾ ഉൾപ്പെടെ യാതൊരുവിധ പ്രചാരണത്തിനും പി.വി.സി ഫ്ലക്സ് ഉപയോഗിക്കുവാനോ പ്രിന്റ് ചെയ്യുവാനോ പാടില്ല. പകരം പരിസ്ഥിതി സൗഹൃദവും പുന:ചംക്രമണം ചെയ്യാൻ സാധിക്കുന്നതുമായ വസ്തുക്കൾ ഉപയോഗിച്ചുള്ള പ്രിന്റിംഗ് പ്രോത്സാഹിപ്പിക്കണം.

(2) പി.വി.സി. ഫ്ലക്സിന് പകരമായി, തുണി, പേപ്പർ, പോളി എത്തിലീൻ തുടങ്ങി പുന:ചംക്രമണം സാദ്ധ്യമായ വസ്തുക്കൾ ഉപയോഗിച്ച് അച്ചടിക്കുന്ന ബാനറുകളോ പരസ്യബോർഡുകളോ മാത്രമെ പരസ്യ പ്രചാരണങ്ങൾക്ക് ഉപയോഗിക്കാൻ പാടുള്ളു. പ്ലാസ്റ്റിക് കോട്ടിങ് ഉള്ള ക്ലോത്ത് ഉപയോഗിക്കാൻ പാടില്ല.

(3) ഇത്തരം മെറ്റീരിയലിൽ പ്രിന്റ് ചെയ്യുമ്പോൾ 'റീസൈക്ലബിൾ, പി.വി.സി ഫ്രീ' എന്ന ലോഗോയും, ഉപയോഗം അവസാനിക്കുന്ന തീയതിയും (Expiry Date) പ്രിന്റ് ചെയ്യുന്ന സ്ഥാപനത്തിന്റെ പേരും, പ്രിന്റിംഗ് നമ്പരും നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്. ഈ നമ്പർ പ്രകാരം പ്രിന്റ് ചെയ്യുന്ന ഉപഭോക്താവിന്റെ മുഴുവൻ വിവരവും സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതുമാണ്. തീയതി വച്ചുള്ള പ്രോഗ്രാം ബാനറുകൾക്ക് പ്രോഗ്രാം അവസാനിക്കുന്ന തീയതി ഉപയോഗം അവസാനിക്കുന്ന തീയതിയായും, തീയതി വയ്ക്കാത്ത സ്ഥാപനങ്ങളുടേയും മറ്റും പരസ്യങ്ങൾക്ക് പരമാവധി 90 ദിവസം പിന്നിട്ടുള്ള തീയതി ഉപയോഗം അവസാനിക്കുന്ന തീയതിയായും നിശ്ചയിക്കേണ്ടതും ഇങ്ങനെ പ്രദർശിപ്പിക്കുന്ന ബോർഡുകൾ/ ബാനറുകൾ എന്നിവ ഉപയോഗം അവസാനിക്കുന്ന തീയതിക്കു ശേഷം പരമാവധി ഏഴ് ദിവസത്തിനുള്ളിൽ സ്ഥാപിച്ചവർ തന്നെ നീക്കം ചെയ്യേണ്ടതുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയോടെ സ്ഥാപിച്ചിട്ടുള്ള നിലവിലുള്ള പരസ്യബോർഡുകൾക്കും ഈ വ്യവസ്ഥ ബാധകമായിരിക്കും. അപ്രകാരം ചെയ്യാത്ത പക്ഷം ബോർഡ് സ്ഥാപിച്ചവരിൽ നിന്ന് സ്ക്വയർഫീറ്റിന് 20/- രൂപ നിരക്കിൽ പിഴ കൂടാതെ ഡിസ്പോസ്റ്റിലിങ് ചാർജ്ജും കൺവെയൻസ് ചാർജ്ജും അതത് നഗരസഭ/ ഗ്രാമപഞ്ചായത്ത് ഈടാക്കേണ്ടതാണ്.

(4) സംസ്ഥാനത്തെ മുഴുവൻ പരസ്യ പ്രിന്റിംഗ് സ്ഥാപനങ്ങളിലും **പുന:ചംക്രമണം ചെയ്യാവുന്ന വസ്തുക്കൾ ഉപയോഗിച്ചുള്ള പ്രിന്റിംഗ് ജോലികൾ മാത്രമെ ഏറ്റെടുക്കുകയുള്ളു** എന്ന് പൊതുജനശ്രദ്ധ വരത്തക്കവിധം പ്രദർശിപ്പിക്കേണ്ടതാണ്.

(5) ഈ ഉത്തരവിനു ശേഷം പി.വി.സി. ഫ്ലക്സിൽ പ്രിന്റ് ചെയ്തു ബാനർ/ ബോർഡ് സ്ഥാപിക്കുന്ന വ്യക്തി/ സ്ഥാപനത്തിന് നോട്ടീസ് നൽകി പ്രിന്റ് ചെയ്തു നല്കിയ സ്ഥാപനത്തിന്റെ വിവരം ശേഖരിച്ച് പ്രിന്റ് ചെയ്തവരിൽ നിന്നും ആദ്യപടിയായി സ്ക്വയർ ഫീറ്റിന് 20/- രൂപ നിരക്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിഴ ഈടാക്കേണ്ടതാണ്. ഇത്തരം നിയമവിരുദ്ധമായ പ്രവൃത്തികൾ തുടരുകയാണെങ്കിൽ അത്തരം സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യേണ്ടതാണ്.

11. മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടെന്ന് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ. മിത്ര റ്റി.**
അഡീഷണൽ സെക്രട്ടറി & സെക്രട്ടറി
തദ്ദേശസ്വയംഭരണ (അർബൻ) വകുപ്പ് (ഇൻ-ചാർജ്ജ്)

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും സെക്രട്ടറിമാർക്കും.
സ്റ്റേറ്റ് പൊലീസ് ചീഫ്, കേരളം, തിരുവനന്തപുരം.
എല്ലാ വകുപ്പ് അദ്ധ്യക്ഷൻമാർക്കും.
എല്ലാ ജില്ലാകളക്ടർമാർക്കും.
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും. (ബന്ധപ്പെട്ട ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ/എൽ.ബി.എ), തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം.
ചെയർമാൻ, മലിനീകരണ നിയന്ത്രണ ബോർഡ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ. & പി. ആർ. ഡി. - വെബ് & ന്യൂ മീഡിയ.
തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
കരുതൽ ഫയൽ/ഓഫീസ് കോപ്പി. (നം.ആർ.സി.2/359/2017/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ



ഹരിത ഇലക്ഷൻ
ഞാൻ പിന്തുടരുന്ന ശുചിത്വ ശീലങ്ങളാണ് വൃത്തിയുള്ള കേരളത്തിനായ് എന്റെ സംഭാവന
പ്ലാസ്റ്റിക് മാലിന്യങ്ങൾ സാമൂഹിക വിപത്ത്
സ്വാഗതം

# അഴകിലും മികവിലും ഹരിത ബൂത്തുകൾ

# മാതൃകയായി ഹരിത ബൂത്തുകൾ





പാടില്ല ഫ്ലെക്സ്, പ്ലാസ്റ്റിക്

# ഹരിത പെരുമാറ്റച്ചട്ടം പാലിക്കണം

# അയാൾ ഹരിതചട്ടം പാലിക്കുകയാണ്

കണ്ണൂർ: ഹരിത തെരഞ്ഞെടുപ്പ് സന്ദേശ പ്രചാരണത്തിന്റെ ഭാഗമായി ജില്ലാ ശുചിത്വമിഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'അയാൾ ഹരിതചട്ടം പാലിക്കുകയാണ്' തെരുവുനാടകത്തിന്റെ ആദ്യ പ്രദർശനം എഡിഎം ഇ.പി. മേഴ്സി ഉദ്ഘാടനം ചെയ്തു. കാൾടെക്സിൽ നടന്ന പരിപാടിയിൽ ഗ്രീൻപ്രോട്ടോകോൾ നോഡൽ ഓഫീസർ പി. ...ം രാജീവ്, ഇ. മോഹനൻ തു...ജിയവർ സംബന്ധിച്ചു.



# കലക്ടറേറ്റിലേക്ക് വരൂ, ബൂത്തും കാണാം, വോട്ടും ചെയ്യാം





# ഹരിത തിരഞ്ഞെടുപ്പ്, ഉദ്യോഗസ്ഥർക്ക് സമ്മാനക്കൂപ്പൺ

മലപ്പുറം● തിരഞ്ഞെടുപ്പ് നടപടികളിൽ പങ്കാളികളാകുന്ന ജീവനക്കാർക്കും ആരോഗ്യപ്രവർത്തകർക്കും സമ്മാന കൂപ്പണുമായി ജില്ലാ ശുചിത്വ മിഷൻ. ഹരിത തിരഞ്ഞെടുപ്പ് സന്ദേശങ്ങൾ ഉദ്യോഗസ്ഥരിൽ എത്തിക്കുന്നതിനാണു സമ്മാന പദ്ധതി നടപ്പാക്കുന്നത്. ഇതിനായി ഓരോ പോളിങ് ബൂത്തിനും എട്ടു വീതം കൂപ്പണുകൾ തിരഞ്ഞെടുപ്പ് സാമഗ്രികൾ വിതരണം ചെയ്യുന്ന കൗണ്ടറുകളിൽ പ്രിസൈഡിങ് ഓഫിസർമാർക്കു വിതരണം ചെയ്യും. 14ന് ശേഷമായിരിക്കും നറുക്കെടുപ്പ്. ഒന്നാം സമ്മാനം ബയോഗ്യാസ് പ്ലാന്റ്, രണ്ടാം സമ്മാനം ബയോ കംപോസ്റ്റ് ബിൻ, മൂന്നാം സമ്മാനം കിച്ചൻ ബിൻ. ഇതു കൂടാതെ അറുപതോളം പ്രോത്സാഹന സമ്മാനവും നൽകുമെന്ന് ജില്ലാ ശുചിത്വമിഷൻ കോഓർഡിനേറ്റർ രാകേഷ് അറിയിച്ചു.

പുൽപ്പള്ളി പഞ്ചായത്ത് 6-ാം വാർഡിൽ ഒരുക്കിയ മാതൃകാ ഹരിത ബൂത്ത്

# ശ്രദ്ധയാകർഷിച്ച് ഹരിത ബൂത്തുകൾ

ഹരിത തെരഞ്ഞെടുപ്പ്

# ഉദ്യോഗസ്ഥർക്ക് സമ്മാന കൂപ്പണുമായി ജില്ലാ ശുചിത്വ മിഷൻ







**ശുചിത്വ മിഷൻ**

**കമ്മ്യൂണിക്കേഷൻ & കപ്പാസിറ്റി ഡവലപ്മെന്റ് യൂണിറ്റ്**

സ്വരാജ് ഭവൻ, ഫ്ളോർ(–1), നന്ദൻകോട്, കവടിയാർ പി.ഒ., തിരുവനന്തപുരം 695003

ഫോൺ : 0471 2319831, 0471 2316730, ഇ മെയിൽ : sanitation.sm@kerala.gov.in

വെബ്സൈറ്റ് : www.sanitation.kerala.gov.in